**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3577** **27-06-2024 - ൽ മറുപടിയ്ക്ക്**

**കൃഷി ഭവനുകൾ വഴി വിതരണം ചെയ്യുന്ന ഫലവൃക്ഷതൈകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദലീമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കൃഷി ഭവനുകൾ വഴി വിതരണം ചെയ്യുന്ന വിവിധ ഫലവൃക്ഷതൈകൾ നിർദിഷ്ട ഏജൻസികളിൽ നിന്നും/ഫാമുകളിൽ നിന്നും എടുക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള പ്രത്യേക ഉത്തരവ് നിലവിലുണ്ടോ; | (എ) | ഉണ്ട്.<br><br>2020-21 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന ഫലവൃക്ഷത്തൈ വിതരണ പദ്ധതിയോടനുബന്ധിച്ച് സംസ്ഥാനത്തെ കൃഷി ഭവനുകൾ വഴി വിതരണം ചെയ്യുന്ന വിവിധ ഫലവൃക്ഷതൈകൾ നിർദ്ദിഷ്ട അംഗീകൃത ഏജൻസികളിൽ നിന്നും/ ഫാമുകളിൽ നിന്നും എടുക്കണമെന്ന് സർക്കാർ ഭരണാനുമതിയിലും കൃഷി ഡയറക്ടറേറ്റിൽ നിന്നുമുള്ള പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരമാണ് ജില്ലകൾ ഫലവൃക്ഷ തൈ വിതരണം നടത്തി വരുന്നത്. |
| (ബി) | കൃഷി ഭവൻ വഴി വിതരണം ചെയ്യുന്ന വിവിധ ഫലവൃക്ഷതൈകൾ, മറ്റ് വിത്തിനങ്ങൾ എന്നിവയുടെ ഗുണമേന്മ പരിശോധിക്കാറുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ഫലവൃക്ഷതൈകൾ, മറ്റ് വിത്തിനങ്ങൾ എന്നിവ സർക്കാർ ഫാമുകൾ, സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നുമാണ് വിതരണം ചെയ്യുന്നത്. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ മാത്രം ഉപയോഗിച്ചാണ് തൈകൾ ഉല്പാദിപ്പിക്കുന്നതെന്ന് നഴ്സറികളിൽ വച്ച് തന്നെ ഉറപ്പു വരുത്തിയിട്ടാണ് വിതരണത്തിന് തയ്യാറാക്കി വരുന്നത്. കൂടാതെ, കൃഷി ഉദ്യോഗസ്ഥർ നിരന്തര പരിശോധന നടത്തി ഗുണമേന്മയുള്ള ഫലവൃക്ഷ തൈകൾ, വിത്തിനങ്ങൾ മാത്രം തെരഞ്ഞെടുത്ത് കൃഷിഭവനുകളിൽ വിതരണത്തിനായി ലഭ്യമാക്കുന്നു. |
| (സി) | കൃഷി ഭവൻ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഫലവൃക്ഷതൈകൾക്ക് ഉയർന്ന ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | ഫലവൃക്ഷതൈകൾ, മറ്റ് വിത്തിനങ്ങൾ എന്നിവ സർക്കാർ ഫാമുകൾ, സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നുമാണ് വിതരണം ചെയ്യുന്നത്. നടീൽ വസ്തുക്കളുടെ ഉല്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിൽ ജില്ലാ തലം മുതൽ കൃഷി ഭവൻ തലത്തിൽ വരെ ഗുണമേന്മ കൃഷി ഉദ്യോഗസ്ഥർ ഉറപ്പുവരുത്തിയതിന് ശേഷമാണ് കൃഷി ഭവനുകൾ വഴി ഫലവൃക്ഷതൈകൾ, മറ്റ് |

| | | | |
|---|---|---|---|
| | | | വിത്തിനങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത്. നടീൽ വസ്തുക്കൾ ഉല്പാദിപ്പിയ്ക്കുവാൻ ഉയർന്ന ഉല്പാദന ക്ഷമതയുള്ള മാതൃ വൃക്ഷങ്ങളെയാണ് തിരഞ്ഞെടുക്കാറുള്ളത്. ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന തൈകളുടെ ഗുണമേന്മ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി)യും വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിതരണം നടത്തുന്ന തൈകൾ ടെക്നിക്കൽ ഓഫീസർമാരും ഉറപ്പ് വരുത്തുന്നു. കൂടാതെ കൃഷി ഭവനുകളിൽ നിന്നും വിതരണം ചെയ്യുന്ന തൈകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറും കൃഷി ഓഫീസറും പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തിയതിന് ശേഷമാണ് ഉപഭോക്താക്കൾക്ക് വിതരണം നടത്താറുള്ളത്. |

സെക്ഷൻ ഓഫീസർ